# സി.ഇ.എം. താലന്തു പരിശോധന 2024

സി. ഇ. എം കേന്ദ്ര താലന്തു പരിശോധന 2024 ഒക്ടോബർ 2 ബുധനാഴ്ച്ച രാവിലെ 8.00 മണി മുതൽ തിരുവല്ല ശാരോനിൽ വെച്ചു നടത്തുന്നതിനു കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു.

സെക്ഷൻതല താലന്തു പരിശോധനാഫലം റീജിയൻ സെക്രട്ടറിയെ ഏൽപ്പിക്കേണ്ട അവസാന തീയതി 2024 ആഗസ്റ്റ് 31.

റീജിയൻ തല താലന്തു പരിശോധനാഫലം കേന്ദ്ര താലന്തു പരിശോധനാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ട അവസാന തീയതി 2024 സെപ്തംബർ 21.

2024-വർഷത്തിലെ താലന്തുപരിശോധന തുടർന്നു രേഖപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾക്ക് അനുസരിച്ചായിരിക്കും നടക്കുന്നത്. ഈ സർക്കുലറിലെ നിബന്ധനകൾ ലോക്കൽ, സെക്ഷൻ, സെന്റർ, റീജിയൻ തലങ്ങളിലെ താലന്തു പരിശോധനയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ്. സെക്ഷൻ, റീജിയൻ തലങ്ങളിൽ നിലവിലുള്ള നിയമാവലിക്ക് ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ നടപ്പിലാക്കിയാൽ അവ കൃത്യമായും നിർബന്ധമായും പ്രാദേശിക സഭകളിൽ അറിയിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ഈ നിയമാവലികൾക്കു മാറ്റം വരുത്തിയാൽ അവ കേന്ദ്ര സി. ഇ. എം. സെക്രട്ടറിയെ നിർബന്ധമായും അറിയിച്ചിരിക്കണം. എന്നാൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ കേന്ദ്ര മത്സരങ്ങൾക്കു ബാധകമായിരിക്കയില്ല. ഒരാൾക്ക് എത്ര ഇനത്തിൽ വേണമെങ്കിലും പങ്കെടുക്കാം. കേന്ദ്രതാലന്തു പരിശോധന പൂർണ്ണമായും ഇവിടെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും നടത്തുന്നത്.

| പ്രായപരിധി | |
|---|---|
| കിഡ്സ് | 01-01-2019 മുതൽ 31-12-2021 വരെ ജനിച്ചവർ (3-5 വയസ്സ്) |
| സബ് ജൂനിയേഴ്സ് | 01-01-2015 മുതൽ 31-12-2018 വരെ ജനിച്ചവർ (6-9 വയസ്സ്) |
| ജൂനിയേഴ്സ് | 01-01-2011 മുതൽ 31-12 -2014 വരെ ജനിച്ചവർ (10-13 വയസ്സ്) |
| ഇന്റർ മീഡിയേറ്റ് | 01-01-2006 മുതൽ31-12-2010 വരെ ജനിച്ചവർ (14-18വയസ്സ്) |
| സീനിയേഴ്സ് | 01-01-2000 മുതൽ 31-12 - 2005 വരെ ജനിച്ചവർ (19-24 വയസ്സ്) |
| മേജർ | 01-01-1992 മുതൽ 31-12-1999 വരെ ജനിച്ചവർ (25-32 വയസ്സ്) |
| സൂപ്പർ സീനീയേഴ്സ് | 01-01-1979 മുതൽ 31-12-1991 വരെ ജനിച്ചവർ (33-45 വയസ്സ്) |
| സീനിയർ സി. ഇ. എം | 46 വയസ്സിനു മുകളിൽ |

| ഗ്രൂപ്പ് | പ്രോഗ്രാംസ് |
|---|---|
| കിഡ്സ് | ഗാനം, വാക്യം പറച്ചിൽ, ആക്ഷൻ സോങ്, കഥ പറച്ചിൽ |
| സബ് ജൂനിയേഴ്സ് | ഗാനം, വാക്യം പറച്ചിൽ, കളറിംഗ്, കഥ പറച്ചിൽ |
| ജൂനിയേഴ്സ് | ഗാനം, വാക്യമെഴുത്ത്, ബൈബിൾ ചിത്രരചന, പ്രസംഗം, ബൈബിൾ ക്വിസ്, ഉപകരണസംഗീതം (കീബോർഡ്, ഗിറ്റാർ) |
| ഇന്റർ മീഡിയേറ്റ് | ഗാനം, വാക്യമെഴുത്ത്, ബൈബിൾ ചിത്രരചന, പ്രസംഗം, ബൈബിൾ ക്വിസ്, ഉപകരണസംഗീതം (കീബോർഡ്, ഗിറ്റാർ) |
| സീനിയേഴ്സ് | ഗാനം, വാക്യമെഴുത്ത്, പ്രസംഗം, ബൈബിൾ ക്വിസ്, കവിതാരചന, ഉപന്യാസം, ഉപകരണ സംഗീതം (കീബോർഡ്, ഗിറ്റാർ) |
| മേജർ | ഗാനം, വാക്യമെഴുത്ത്, പ്രസംഗം, ബൈബിൾ ക്വിസ്, കവിതാരചന, ഉപന്യാസം, ഉപകരണ സംഗീതം (കീബോർഡ്, ഗിറ്റാർ) |
| സൂപ്പർ സീനിയേഴ്സ് | ഗാനം, വാക്യമെഴുത്ത്, പ്രസംഗം, ബൈബിൾ ക്വിസ്, ഉപന്യാസം, കവിതാ രചന |
| സീനിയർ സി.ഇ.എം. | ഗാനം, വാക്യമെഴുത്ത്, പ്രസംഗം, ബൈബിൾ ക്വിസ് |

| ഉപകരണ സംഗീതം | |
|---|---|
| 1. | യേശു എന്നടിസ്ഥാനം ആശയവനിലത്രേ....... |
| 2. | ആരാധ്യൻ യേശുപരാ വണങ്ങുന്നു ഞാൻ പ്രിയനേ....... |
| 3. | എന്റെ ദൈവം മഹത്ത്വത്തിൽ ആർദ്രവാനായ് ജീവിക്കുമ്പോൾ....... |
| 4. | യേശു നായകാപാപശാപ നാശകാ വീണ്ടെടുത്ത നിൻ ജനത്തിനാത്മദായകാ...... |

| പ്രസംഗ വിഷയങ്ങൾ | |
|---|---|
| ജൂനിയേഴ്സ് | താഴ്മ (Humiltiy) |
| | സൗമ്യത (Meekness) |
| | ക്ഷമയോടിരിക്കുക (Be patience) |
| ഇന്റർമീഡിയേറ്റ് | സമാധാനം ഉണ്ടാക്കുന്നവൻ (Peace makers) |
| | സ്വർഗീയജ്ഞാനം (Heavenly Wisdom) |
| | ലൗകീകജ്ഞാനം (Worldly wisdom) |
| സീനിയേഴ്സ് | വിശ്വാസത്തിന്റെ പരിശോധന (Testing of Faith) |
| | രാജകീയ ന്യായപ്രമാണം (Royal Law) |
| | കണക്കിടപ്പെടുന്ന വിശ്വാസം (Faith that Counts) |
| മേജർ | പ്രവർത്തികളാൽ വെളിവാകുന്ന ഫലം (Fruit of our action) |
| | സത്യത്തിന്റെ വചനം (Word of Truth) |
| | നീതിയുടെ ഫലം (Fruit of Righteousness) |
| സൂപ്പർ സീനിയർ | ജീവകിരീടം (Crown of Faith) |
| | മനോഭാവം (Attitude) |
| | ദൈവരാജ്യത്തിന്റെ അവകാശികൾ (Inheritors of the Kingdom of God) |
| സീനിയർ സി.ഇ.എം | സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം (Law of Libetry) |
| | നമ്മിൽ വസിക്കുന്ന ആത്മാവ് (The Spirit who rides in us) |
| | ശുദ്ധവും നിർമ്മലവുമായ വിശ്വാസം (Pure and undefiled faith) |

| ഗ്രൂപ്പ് | വാക്യമത്സരത്തിനും ബൈബിൾ ക്വിസ്സിനുമുള്ള പുസ്തകങ്ങൾ |
|---|---|
| കിഡ്സ് | ബൈബിളിലെ ഏതു പുസ്തകങ്ങളിൽ നിന്നും |
| സബ്ബ് ജൂനിയേഴ്സ് | സദൃശ്യവാക്യങ്ങൾ |
| ജൂനിയേഴ്സ് | പുറപ്പാട്, മർക്കോസ്, അപ്പോസ്തലപ്രവൃത്തികൾ |
| ഇന്റർമീഡിയേറ്റ് | യോശുവ, യോഹന്നാൻ, 1 പത്രൊസ് |
| സീനിയേഴ്സ് | യെശയ്യാവ്, തീത്തോസ്, എബ്രായർ |
| മേജർ | ഇയ്യോബ്, യിരെമ്യാവ്, റോമർ |
| സൂപ്പർ സീനിയേഴ്സ് | 1, 2 ശമുവേൽ, യാക്കോബ് |
| സീനിയർ സി.ഇ.എം | ഹോശേയ, 2 പത്രോസ്, വെളിപ്പാട് |

| ഗ്രൂപ്പ് പ്രോഗ്രാം | |
|---|---|
| 1. | ഗ്രൂപ്പ് സോങ് (വോക്കൽസ്) |
| 2. | ഗ്രൂപ്പ് സോങ് (ഓർക്കസ്ട്ര) |
| 3. | ഗ്രൂപ്പ് ബൈബിൾ ക്വിസ് |
| 4. | ഗ്രൂപ്പ് മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ അംഗങ്ങളും സി.ഇ.എം. അംഗങ്ങളായിരിക്കണം. അല്ലാ എന്നു തെളിഞ്ഞാൽ ആ ഗ്രൂപ്പിന്റെ മത്സരം അസാധു ആക്കുന്നതായിരിക്കും. (45 വയസ്സുവരെ) |

## എഴുത്തു പ്രോഗ്രാമുകളുടെ നിയമങ്ങൾ

**കളറിംഗ് (15 മിനിറ്റ്):** കളറിംഗ് ഷീറ്റ് നൽകുന്നതാണ്. കളറിംഗിനായി ക്രയോൺസ് മാത്രമേ ഉപയോഗിക്കാവൂ. ക്രയോൺസ് അവരവർ തന്നെ കരുതേണ്ടതാണ്.

**ബൈബിൾ ചിത്രരചന (15 മിനിറ്റ്)**: 5 മിനിറ്റ് മുമ്പു നൽകുന്ന ബൈബിൾ പ്രമേയം അടിസ്ഥാനമാക്കി ചിത്രം രചിക്കേണ്ട താണ്. ചിത്രം വരയ്ക്കാൻ പെൻസിൽ മാത്രമേ ഉപയോഗിക്കാവൂ. വരയ്ക്കാനുള്ള സാമഗ്രികൾ (പെൻസിൽ, റബ്ബർ, റൈറ്റിംഗ്പാഡ്, ഷാർപ്പ്ണർ) മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.

**ഉപന്യാസം (15 മിനിറ്റ്)**: ഉപന്യാസത്തിനായി പ്രത്യേക വിഷയം 5 മിനിറ്റ് മുമ്പ് നൽകുന്നതായിരിക്കും. ഉപന്യാസം എഴുതുന്ന സമയത്ത് ബൈബിൾ ഉപയോഗിക്കാം. മറ്റു കുറിപ്പുകൾ ഒന്നും പാടില്ല. മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം. ബൈബിൾ വീക്ഷണം, ലോകപരമായ ജ്ഞാനം ഇവ തമ്മിൽ യോജിപ്പിച്ച വ്യക്തവും ക്രിയാത്മകവുമായ വിമർശന ചിന്തകൾ പരിഗണിക്കപ്പെടും.

**കവിതാരചന (15മിനിറ്റ്)**: കവിതാ രചനയ്ക്കു പ്രത്യേക വിഷയം 5 മിനിറ്റ് മുമ്പു നൽകുന്നതായിരിക്കും. മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം. ബൈബിൾ അടിസ്ഥാനമാക്കി വിഷയത്തോടു നീതിപുലർത്തി എഴുതുന്ന ഭാഷയുടെ പദ്യമെഴുത്ത് നിയമങ്ങൾക്ക് അനുസൃതമായി കവിത എഴുതുക.

**വാക്യമെഴുത്ത് (15 മിനിറ്റ്)**: സീരിയൽ നമ്പർ സമയപരിധിക്കുള്ളിൽ തന്നെ എഴുതേണ്ടതാണ്. 3 വാക്കിൽ കുറവുള്ള വാക്യങ്ങൾ സ്വീകാര്യമല്ല. ഒരു വാക്യം പല റഫറൻസുകളിലുള്ളത് ഒരു പ്രാവശ്യം മാത്രമേ എഴുതാവൂ. എല്ലാ വാക്യ ങ്ങളും റഫറൻസ് സഹിതം എഴുതേണ്ടതാണ്. വാക്യമെഴുത്തിൽ ഫുൾ സ്റ്റോപ്പ്, ചോദ്യചിഹ്നം, അർദ്ധവിരാമം എന്നി വയിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ വാക്യങ്ങൾ എഴുതാം. വാക്യത്തിലെ അക്ഷരത്തിലുള്ള സംഖ്യ കൾ അക്കത്തിൽ എഴുതിയാൽ തെറ്റായി പരിഗണിക്കുന്നതാണ്. വാക്യങ്ങൾ നിർബന്ധമായും വായിക്കത്തക്കവിധം വ്യക്തമായി എഴുതണം. വായിക്കാൻ പറ്റാത്തവ പരിഗണിക്കുന്നതല്ല. വാക്യ മത്സരത്തിന് 10 വാക്യമെങ്കിലും ശരിയായി എഴുതാത്തവരെ അയോഗ്യരാക്കുന്നതാണ്. ഒരു പുസ്തകത്തിൽ നിന്നും വാക്യം എഴുതുമ്പോൾ പുസ്തക ത്തിന്റെ പേര് തുടക്കത്തിൽ മാത്രം എഴുതിയാൽ മതി. മലയാളത്തിൽ വാക്യം എഴുതുന്നവർ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബൈബിളും ഇംഗ്ലീഷിൽ വാക്യം എഴുതുന്നവർ NKJV അല്ലെങ്കിൽ NIV എന്നിവയിൽ ഏതെങ്കിലും ഒരു ബൈബിൾ മാത്രം ഉപയോഗിക്കുക. അല്ലാത്തവ പരിഗണിക്കുന്നതല്ല. ഇംഗ്ലീഷിൽ എഴുതുമ്പോൾ അവ ഏതു വേർഷൻ എന്നു തുടക്കത്തിൽ തന്നെ രേഖപ്പെടുത്തിയിരിക്കണം.

**ബൈബിൾക്വിസ്സ് (15 മിനിറ്റ്):** ബൈബിൾ ക്വിസ്സിനു നൽകിയിരിക്കുന്ന പുസ്തകങ്ങളിൽ നിന്നും പരമാവധി 15 ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങൾ 3 ഓപ്ഷനുകൾ സഹിതം മലയാളത്തിൽ നൽകുന്നതായിരിക്കും. ബൈബിൾ ക്വിസ്സ് ചോദ്യങ്ങൾ ബൈബിളിൽ നിന്നു നേരിട്ടുള്ളവയായിരിക്കണം. വിധികർത്താക്കൾ ചോദ്യാവലി തയ്യാറാ ക്കുമ്പോൾ റഫറൻസ് സഹിതം ഉത്തര സൂചിക കൊണ്ടുവരേണ്ടതും ന്യായമായ സംശയങ്ങൾക്കു നിവാരണം വരുത്തേണ്ടതുമാണ്. ഇംഗ്ലീഷ് ചോദ്യാവലി ആവശ്യമെങ്കിൽ നേരത്തെ അറിയിക്കേണ്ടതാണ്.

**ഗ്രൂപ്പ് ബൈബിൾ ക്വിസ്സ് (15 മിനിറ്റ്)**: 2-3 അംഗങ്ങളെ ഉൾപ്പെടുത്തി ലോക്കൽ സഭാ അടിസ്ഥാനത്തിലുള്ള ഒരു ഗ്രൂപ്പിനു പങ്കെടുക്കാം. ബൈബിളിലെ 66 പുസ്തകങ്ങളിൽ നിന്നുള്ള ചോദ്യങ്ങളും ബൈബിൾ സംബന്ധമായ പൊതു ചോദ്യങ്ങളും പരമാവധി 15 എണ്ണം മലയാളത്തിൽ നൽകുന്നതായിരിക്കും.

## സ്റ്റേജ് പ്രോഗ്രാമുകളുടെ നിയങ്ങൾ

**ഗാനം (3 മിനിറ്റ്):** പുരുഷ ശബ്ദത്തിനും, സ്ത്രീശബ്ദത്തിനും മത്സരം പ്രത്യേകമായിരിക്കും. മലയാളം/ഇംഗ്ലീഷ് എന്നീ വിഭാഗത്തിൽ മത്സരങ്ങൾ നടത്തപ്പെടുന്നതാണ്. എന്നാൽ ഒരാൾക്കു ഇവയിൽ ഒന്നിൽ മാത്രം പങ്കെടുക്കാം, യാതൊരു കാരണവശാലും ഒരാൾ രണ്ടു വിഭാഗത്തിലും പങ്കെടുക്കരുത്. നോക്കി പാടുവാൻ പാടില്ല. ക്ലാസ്സിക്കൽ / സെമി ക്ലാസ്സിക്കൽ

സംഗീതം അനുവദനീയമല്ല. മൈക്ക് അനുവദിക്കുന്നതാണ്. പാട്ടിനായി തന്നിരിക്കുന്ന സമയത്തിന്റെ പകുതിയെങ്കിലും ഉപയോഗിച്ചില്ലെങ്കിലോ സമയപരിധി കഴിഞ്ഞാലോ മൈനസ് മാർക്കു നൽകുന്നതാണ്.

**വാക്യം പറച്ചിൽ (15 മിനിറ്റ്):** 3 വാക്കിൽ കുറവുള്ള വാക്യങ്ങൾ സ്വീകാര്യമല്ല. ഒരു വാക്യം പല റഫറൻസുകളിലുള്ളത് ഒരുപ്രാവശ്യം മാത്രമേ പറയാവൂ. എല്ലാ വാക്യങ്ങളും റഫറൻസ്, സഹിതം പറയേണ്ടതാണ്. വാക്യം പറയുമ്പോൾ ഫുൾ സ്റ്റോപ്പ്, ചോദ്യ ചിഹ്നം, അർധവിരാമം എന്നിവയിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ വാക്യങ്ങൾ പറയാവുന്നതാണ്. ഒരു അദ്ധ്യായത്തിൽ നിന്നും എത്ര വാക്യം വേണമെങ്കിലും പറയാവുന്നതാണ്, എന്നാൽ തുടർച്ചയായി ഒരു അദ്ധ്യായത്തിൽ നിന്നും 3 വാക്യത്തിൽ കൂടുതൽ പറയുവാൻ പാടില്ല. ചെറിയ തെറ്റുകൾ പോലും തെറ്റായി പരിഗണിക്കുന്നതാണ്. മലയാളത്തിൽ വാക്യം പറയുന്നവർ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബൈബിളും ഇംഗ്ലീഷിൽ വാക്യം പറയുന്നവർ NKJV അല്ലെങ്കിൽ NIV ബൈബിളും ഉപയോഗിക്കേണ്ടതാണ്. അല്ലാത്തവ പരിഗണിക്കുന്നതല്ല. (കിഡ്സ് ഗ്രൂപ്പിന് റഫറൻസ് ബാധകമല്ല).

**കഥപറച്ചിൽ(5 മിനിറ്റ്):** കഥ പറച്ചിലിനു ബൈബിളിനെ ആസ്പദമാക്കിയായിരിക്കണം കഥ തിരഞ്ഞെടുക്കേണ്ടത്. മൈക്ക് അനുവദിക്കുന്നതാണ്.

**ആക്ഷൻസോങ് (3 മിനിറ്റ്):** കിഡ്സിനുള്ള ആക്ഷൻ സോങിന് ആക്ഷൻ കാണിക്കുകയും പാടുകയും വേണം. മൈക്ക് അനുവദിക്കുന്നതാണ്.

**പ്രസംഗം (5 മിനിറ്റ്):** യാക്കോബിന്റെ  ലേഖനം ആസ്പദമാക്കി മുകളിൽ നൽകിയിരിക്കുന്ന വിഷയങ്ങളിൽ നിന്നും ജഡ്ജസ്സ് നറുക്കിട്ടെടുക്കുന്ന ഒരു വിഷയമാണ് പ്രസംഗിക്കേണ്ടത്. കുറിവാക്യം യാക്കോബിന്റെ ലേഖനത്തിൽ നിന്നു തന്നെ എടുക്കേണ്ടതാണ്. 5 മിനിറ്റ് മുമ്പു വിഷയം നൽകുന്നതായിരിക്കും. പ്രസംഗ സമയത്തു ബൈബിളല്ലാതെ കുറിപ്പുകൾ, നോട്ടുകൾ, പുസ്തകങ്ങൾ, മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കാൻ പാടില്ല. അവതരണശൈലി, ശരീരഭാഷ (Body Language), സ്വരസംക്രമം (Voice Modulation), മുഖവുര, വിഷയാവതരണം, ബൈബിളിൽ നിന്നുള്ള ഉദാഹരണങ്ങൾ എന്നിവ പരിഗണിക്കുന്നതാണ്. മലയാളത്തിലോ ഇംഗ്ലീഷിലോ  പ്രസംഗിക്കാം.  പ്രസംഗ സമയത്തു താലന്തു പരിശോധനാ കമ്മിറ്റി തരുന്ന ബൈബിൾ ഉപയോഗിക്കേണ്ടതാണ്. ബൈബിൾ സ്കൂളിൽ പഠിച്ചവർക്കും പഠിക്കുന്നവർക്കും വിധികർത്താക്കൾ പ്രസംഗവിഷയം ക്രമീകരിച്ചു നൽകേണ്ടതാണ്.

**ഉപകരണസംഗീതം (3 മിനിറ്റ്):** ഒരാൾക്ക് ഉപകരണസംഗീതം രണ്ടിലും (ഗിറ്റാർ, കീബോർഡ്) മത്സരിക്കാവുന്നതാണ്. തന്നിരിക്കുന്ന പാട്ടുകളിൽ നിന്നും ഒരെണ്ണം നറുക്കിട്ടു ജൂനിയർ, ഇന്റർ മീഡിയറ്റ് വിഭാഗങ്ങൾക്ക് മാത്രം നൽകുന്നതായിരിക്കും. മറ്റു ഗ്രൂപ്പുകൾക്കു ക്ഷണിക്കപ്പെട്ട വിധികർത്താക്കൾ പാട്ടു ക്രമീകരിച്ചു നൽകേണ്ടതാണ്. റിഥം ഉപയോഗിക്കാൻ പാടില്ല.

**ഗ്രൂപ്പ് സോങ് (വോക്കൽസ്) (5 മിനിറ്റ്):** 3–5 വരെ അംഗങ്ങളെ ഉൾപ്പെടുത്തി ലോക്കൽ സഭ അടിസ്ഥാനത്തിലുള്ള ഒരു ഗ്രൂപ്പിനു പങ്കെടുക്കാം. മലയാളം അല്ലാതെ  മറ്റുഭാഷകൾ അനുവദനീയമല്ല. നോക്കി പാടുവാൻ പാടില്ല. ക്ലാസ്സിക്കൽ/സെമിക്ലാസ്സിക്കൽ സംഗീതം അനുവദനീയമല്ല. പാട്ടിനായി തന്നിരിക്കുന്ന സമയത്തിന്റെ പകുതിയെങ്കിലും ഉപയോഗിച്ചില്ലെങ്കിലോ സമയ പരിധി കഴിഞ്ഞാലോ മൈനസ് മാർക്കു നൽകുന്നതാണ്. സെക്ഷൻ തലം മുതൽ മൈക്ക് അനുവദിക്കുന്നതല്ല. ഡ്രസ്സ് കോഡിനു മാർക്കു ഉണ്ടായിരിക്കുന്നതല്ല.

**ഗ്രൂപ്പ് സോങ് (ഓർക്കസ്ട്ര): (സംഗീത ഉപകരണങ്ങൾ സെറ്റ് ചെയ്യുന്നതുൾപ്പെടെ 12 മിനിറ്റ്)** : ഒരു ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ പത്തും ഏറ്റവും കുറഞ്ഞത് അഞ്ച് അംഗങ്ങളും ഉണ്ടായിരിക്കണം. അവരിൽ 4 പേരെങ്കിലും ഗാനം ആലപിക്കണം. ഏറ്റവും കുറഞ്ഞത് 3 സംഗീത ഉപകരണങ്ങളും പരമാവധി 5 ഉപകരണങ്ങൾ വരെയും ഉപയോഗിക്കാം. ഒരു വ്യക്തി ഒരേ സമയം രണ്ടു ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. വിൻഡ്, സ്ട്രിംഗ്, ലയാ, വെസ്റ്റേൺ ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്. ഉപകരണങ്ങൾ വായിക്കുന്നവർക്കു പാടുകയും ചെയ്യാവുന്നതാണ്. ആൺ/പെൺ അംഗത്വ ക്ലിപ്തതകൾ ഇല്ല. ഒരേ വിഭാഗത്തിൽപ്പെട്ട രണ്ടു ഉപകരണങ്ങളേ ഉപയോഗിക്കുവാൻ പാടുള്ളു. ഇലക്ട്രോണിക് ഉപകരണങ്ങളിലെ പ്രീസെറ്റ്/യൂസർ, റിഥമോ അക്കമ്പനിമെന്റുകളോ ഉപയോഗിക്കാൻ പാടില്ല, പകരം റിഥം ലൈവായി ചെയ്യേണ്ടതാണ്. കേന്ദ്ര താലന്തു പരിശോധനാദിവസം പരമാവധി പത്തു ചാനലുകളിൽ (സൗണ്ട് മിക്സർ) പ്രവർത്തിപ്പിക്കാവുന്ന സൗണ്ട് സിസ്റ്റം കേന്ദ്ര താലന്തു പരിശോധനാ കമ്മിറ്റി ക്രമീകരിക്കുന്നതായിരിക്കും. അതിൽ പാടുവാൻ 4 മൈക്കും ഉപകരണങ്ങൾക്കു ബാക്കി ചാനലുകളും ഉപയോഗിക്കാവുന്നതാണ്. എന്നിരുന്നാൽ തന്നെയും അത്യാവശ്യം വേണ്ടുന്ന കേബിളുകൾ, എക്സ്റ്റൻഷൻ ബോക്സ്, അഡാപ്റ്റേഴ്സ്, മൾട്ടി സോക്കറ്റുകൾ, പിന്നുകൾ/കണക്ടർ എന്നിവ അവരവർ തന്നെ കരുതേണ്ടതുമാണ്. അന്നേ ദിവസം ജനറേറ്റർ സൗകര്യം ഒരുക്കുന്നതായിരിക്കും.

1. ഒരേ പാട്ട് തന്നെ ഗ്രൂപ്പ് സോങ് വോക്കൽസിനും, ഓർക്കസ്ട്രയ്ക്കും പാടുവാൻ പാടുള്ളതല്ല.
2. നോക്കി പാടുവാൻ അനുവാദമില്ല.
3. ഉപകരണങ്ങളുടെ ശരിയായ ഉപയോഗവും, ഗാനത്തിന്റെയും, അവതരണത്തിന്റെയും മേന്മയും ഒരുപോലെ പരിഗണിച്ചായിരിക്കും മൂല്യനിർണ്ണയം.
4. ഇതൊരു മത്സരയിനമായതിനാൽ ആരാധനയുമായി ബന്ധപ്പെട്ട ശൈലികൾക്കു പരിഗണന ലഭിക്കുന്നതല്ല.
5. ഒന്നിലധികം പാട്ടുകൾ പാടുവാൻ അനുവാദമുണ്ട്, എന്നാൽ ഇടയ്ക്കു നിർത്തി തുടങ്ങുവാൻ പാടുള്ളതല്ല.
6. സെക്ഷൻ റീജിയൻ തലങ്ങളിൽ സൗണ്ട് സിസ്റ്റവുമായി ബന്ധപ്പെട്ട് അതാത് കമ്മിറ്റികൾക്കു തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## പൊതുവായ നിർദ്ദേശങ്ങൾ

1. കേന്ദ്ര താലന്തു പരിശോധന ദിവസം രാവിലെ 8 മണിക്കു മുമ്പായി റീജിയൻ പ്രസിഡന്റ്/സെക്രട്ടറി ചെസ്റ്റ് നമ്പർ കൈപ്പറ്റേണ്ടതാണ്.
2. കേന്ദ്ര താലന്തു പരിശോധനയിൽ മലയാളം/ഇംഗ്ലീഷ് ഭാഷകൾ മാത്രമേ അനുവദിക്കുകയുള്ളൂ. ഗാനമത്സരം, പ്രസംഗമത്സരം എന്നിവ തമിഴ്/ഹിന്ദി ആരാധന നടക്കുന്ന സഭകൾക്കായി റീജിയൻ തലം വരെ വേണമെങ്കിൽ ക്രമീകരിക്കാവുന്നതാണ്. എന്നാൽ സെക്ഷൻ തലങ്ങളിൽ കുറഞ്ഞതു രണ്ടു സ്ഥലങ്ങളിൽ എങ്കിലും ഈ ഭാഷകളിലെ ആരാധന നടത്തപ്പെടേണ്ടുന്നതാണ്. നടത്തണമോ വേണ്ടയോ എന്നതിനെ സംബന്ധിച്ചു സെക്ഷൻ റീജിയൻ കമ്മിറ്റികൾക്കു ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.
3. മത്സരത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിനായി വാക്യമെഴുത്ത് ഒഴികെ എല്ലാ മത്സരങ്ങൾക്കും 30% ൽ കൂടുതൽ മാർക്കു വിധികർത്താക്കൾ നൽകാത്ത പക്ഷം അവരെ അയോഗ്യരാക്കുന്നതാണ്.
4. ഏതെങ്കിലും ഒരു മത്സരയിനം അവസാനിച്ചശേഷം ആ മത്സരയിനത്തിൽ പങ്കെടുക്കാൻ പേരു നൽകിയിരിക്കുന്ന വ്യക്തിയേയോ ഗ്രൂപ്പിനെയോ ഒരു കാരണവശാലും ആ മത്സരത്തിൽ വീണ്ടും മത്സരിപ്പിക്കുന്നതല്ല. താമസിച്ചു മത്സരത്തിനെത്തുന്നവർക്കു സമയം നീട്ടി നൽകുന്നതല്ല. സമയ ക്ലിപ്തത പാലിക്കാൻ എല്ലാ മത്സരാർത്ഥികളും ബാധ്യസ്ഥരാണ്.
5. മത്സരാർത്ഥികൾ മാന്യമായ വസ്ത്രം ധരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
6. കേന്ദ്രതലത്തിൽ എല്ലാ ഗ്രൂപ്പിനും ഒരു ഗ്രൂപ്പു ചാമ്പ്യനെ തെരെഞ്ഞെടുത്തു പ്രത്യേക ട്രോഫി നൽകുന്നതാണ്. സെക്ഷൻ, സെന്റർ, റീജിയൻ തലങ്ങളിൽ ഇതു പ്രാവർത്തികമാക്കാൻ താൽപ്പര്യപ്പെടുമ്പോഴും അതാത് കമ്മിറ്റികൾക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. പോയിന്റ് അടിസ്ഥാനത്തിലാണ് ചാമ്പ്യനെ തെരഞ്ഞെ ടുക്കുന്നത്. ഒന്നാം സ്ഥാനം 5 പോയിന്റ്, രണ്ടാം സ്ഥാനം 3 പോയിന്റ്, മൂന്നാം സ്ഥാനം 1 പോയിന്റ്.
7. തന്നിരിക്കുന്ന സമയത്തിന്റെ പകുതിയെങ്കിലും ഉപയോഗിച്ചില്ലെങ്കിലോ സമയപരിധി കഴിഞ്ഞാലോ മൈനസ് മാർക്കു നൽകുന്നതാണ്. സമയപരിധിക്കകത്തു മത്സരം പൂർത്തിയാക്കേണ്ടതാണ്. അര മിനിറ്റു മുമ്പേ മുന്നറിയിപ്പു (Warning Bell) നൽകുന്നതാണ്.
8. ഓരോ മത്സരയിനത്തിനും സെക്ഷൻതലം മുതൽ ഒരു ഫസ്റ്റും ഒരു സെക്കന്റും മാത്രമേ നൽകാവൂ. കേന്ദ്ര താലന്തു പരിശോധനയിൽ മൂന്നാം സ്ഥാനം കൂടി നൽകുന്നതാണ്. സെക്ഷൻ, സെന്റർ, റീജിയൻ, കേന്ദ്രതല താലന്തുപ രിശോധനാ വേളയിൽ ഏതെങ്കിലും ഒരു മത്സരയിനത്തിൽ പങ്കെടുക്കാൻ ഒരാളെ ഉള്ളുവെങ്കിലും ആ പ്രോഗ്രാം നടത്താ വുന്നതാണ്. ആ വ്യക്തി ഏതിലാണോ മത്സരിക്കുന്നത് അതിനു വിധികർത്താക്കൾ നൽകുന്ന മാർക്ക് അനുസരിച്ച് സ്ഥാനം നൽകേണ്ടതാണ്. ലഭിക്കപ്പെടുന്ന മാർക്ക് 60 ശതമാനത്തിനു മുകളിലാണെങ്കിൽ ഒന്നാം സ്ഥാനവും താഴെയാണെങ്കിൽ രണ്ടാം സ്ഥാനവും നൽകാവുന്നതാണ്. അപ്പോൾ തന്നെ ആ വ്യക്തിക്ക് അടുത്ത തലത്തിലും പങ്കെടുക്കാവുന്നതാണ്. അപ്രകാരം വിധി കർത്താക്കൾ നൽകുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അല്ലാതെ സ്ഥാനം നൽകപ്പെടുന്നെങ്കിൽ ആ വ്യക്തിയുടെ പോയിന്റ് മൂന്നാം സ്ഥാനത്തിനു നൽകുന്ന ഒരു പോയിന്റ് ആയിരിക്കണം.
9. ഒരു ലോക്കൽ സഭയിൽ നിന്നും ഒരു ഗ്രൂപ്പിലെ ഒരു പ്രോഗ്രാമിന് അഞ്ചിലധികം പേർ സെക്ഷൻ തലത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. കൂടുതൽ പേർ ഉണ്ടെങ്കിൽ അവിടെതന്നെ താലന്തു പരിശോധന നടത്തി വിജയികളാകുന്ന വരെ സെക്ഷൻ തലത്തിലേക്കു അയക്കേണ്ടതാണ്.

10. താലന്തുപരിരോധനയിൽ പങ്കെടുക്കുന്നവർക്കു മെമ്പർഷിപ്പും (10-45 വയസ്സു വരെ) ലോക്കൽ സഭയ്ക്കു രജിസ്ട്രേഷനും നിർബന്ധമാണ്. മെമ്പർഷിപ്പ് നമ്പരും ലോക്കൽ സഭയുടെ സ്ഥലപേരും സെക്ഷനും എഴുതാത്ത റീജിയൻ ലിസ്റ്റ് സ്വീകരിക്കുന്നതല്ല. (മെമ്പർഷിപ്പ് ഫീസ് ഓരോ അംഗങ്ങൾക്ക് 30 ഉം, സഭയ്ക്ക് 100 രൂപയുമാണ്. പുതുതായി മെമ്പർഷിപ്പ് ആവശ്യമുള്ളവർ മെമ്പർഷിപ്പ് സെക്രട്ടറിയുമായി ബന്ധപ്പെടേണ്ടതാണ്.

11. സെക്ഷൻ, സെന്റർ, റീജിയൻ തലങ്ങളിൽ താലന്തു പരിശോധന കൈകാര്യം ചെയ്യുന്നവർ ഒരു മത്സരത്തിലും പങ്കെടുക്കുവാൻ പാടില്ല.

12. സെക്ഷൻ, റീജിയൻ വിജയികളുടെ ലിസ്റ്റ് അതിനായി തയ്യാറാക്കിയിരിക്കുന്ന പ്രത്യേക ഫോമിൽത്തന്നെ നൽകേണ്ടതാണ്. അല്ലാത്തവ സ്വീകാര്യമല്ല. റിസൽട്ട് വലിയ അക്ഷരത്തിൽ വ്യക്തമായി എഴുതുകയോ പ്രിന്റ് ചെയ്യുകയോ ആവാം.

13. കേന്ദ്ര താലന്തുപരിശോധനാ ദിവസം ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

14. താലന്തു പരിശോധനയുടെ സമ്മാനദാനം 2024 ഡിസംബറിലെ ജനറൽ കൺവൻഷനോടനുബന്ധിച്ചുള്ള സി. ഇ. എം സൺഡേസ്കൂൾ വാർഷീക മീറ്റിംഗിൽ നൽകുന്നതായിരിക്കും.

15. കിഡ്സ്, സീനിയർ സി.ഇ.എം, ബൈബിൾ സ്കൂളിൽ പഠിച്ചവർക്കും പഠിക്കുന്നവർക്കും (പാർടൈം/ഫുൾടൈം) ഉൾപ്പെടെയുള്ള പ്രോഗ്രാം റീജിയൻ തലം വരെ നടത്താവുന്നതാണ്. അതാത് റീജിയൻ കമ്മിറ്റികൾക്ക് ഇതിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. എന്നാൽ കേന്ദ്രതലത്തിൽ ഈ പ്രോഗ്രാമുകൾ ഉണ്ടായിരിക്കുന്നതല്ല.

16. സെക്ഷൻ, റീജിയൻ തലങ്ങളിൽ വിധികർത്താക്കളെ ക്ഷണിക്കുമ്പോൾ (സി. ഇ.എം ജനറൽ കമ്മിറ്റിയിലുള്ള പ്രിയപ്പെട്ടവരെക്കൂടെ ഉൾക്കൊള്ളിക്കുന്നത് നന്നായിരിക്കും) അവരെ മാന്യമായി കരുതാനും അവർക്കു യോഗ്യമായ പ്രതിഫലം കൊടുക്കുവാനും ശ്രദ്ധിക്കേണ്ടണ്ടതാണ്.

17. കേന്ദ്ര താലന്തു പരിശോധനാ വിജയികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (മാത്രം) (അവരുടെ പേര്, ലോക്കൽ ചർച്ച്, സെക്ഷൻ, ഏത് ഇനത്തിൽ സമ്മാനം ലഭിച്ചു എന്നിവ ഉൾപ്പെടുത്തി ഫോട്ടോ അയയ്ക്കേണ്ട അവസാന തീയതി 2024 ഒക്ടോബർ 10 വ്യാഴം) അതാത് സി. ഇ.എം, സെക്ഷൻ സെക്രട്ടറിമാർ മുഖാന്തിരം കേന്ദ്ര താലന്തു പരിശോധനാ സെക്രട്ടറിക്ക് ഈ മെയിൽ അയയ്ക്കേണ്ടതാണ്. താമസിച്ചു ലഭിക്കുന്ന ഫോട്ടോ പരിഗണിക്കുന്നതല്ല.

18. വിധികർത്താക്കളുടെയും താലന്തുപരിരോധനാ കമ്മിറ്റിയുടെയും തീരുമാനം അന്തിമമായിരിക്കും.

റീജിയൻ തലത്തിലെ വിജയികളുടെ ലിസ്റ്റ് നൽകുന്നതിനും താലന്തു പരിശോധനാ സംബന്ധമായ സംശയങ്ങൾ തീർക്കുന്നതിനും താഴെ കാണുന്ന വിവരങ്ങൾ ഉപയോഗിക്കുക.

താലന്തു പരിശോധനാ കമ്മറ്റി സെക്രട്ടറി

**പാസ്റ്റർ പോൾസൺ വി. എസ്.** (സെക്രട്ടറി)
+91 9744676409, Email: paulosnvs@gmail.com
CEM, P-B N-O22 Sharon, Thiruvalla

**അംഗങ്ങൾ**

പാസ്റ്റർ സജി വർഗീസ്
ബ്രദർ. ആൽവിൻ കെ. മാത്യു
ബ്രദർ. റോഷൻ കെ. മാത്യു
ബ്രദർ. ഡാനിയേൽ പി. എൽദോസ്
സിസ്റ്റർ ജെസ്സി ജോസ്
സിസ്റ്റർ ദീന സാറ തമ്പി